"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - കോഴിക്കോട് സർക്കാർ നഴ്സിംഗ് സ്കൂളിൽ പ്രിൻസിപ്പൽ തസ്തികയിൽ വിരമിച്ച ശ്രീമതി. മറിയക്കുട്ടി ഇ.എ. - ചികിത്സ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.336/2026/H&FWD തീയതി,തിരുവനന്തപുരം, 28-01-2026

പരാമർശം:- 1. ശ്രീമതി. മറിയക്കുട്ടി ഇ.എ **15.12.2020** തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **04.07.2022** തീയതിയിലെ നം.**DHS/44837/2021-MR6** നം. കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **17.01.2025, 07.08.2025** തീയതികളിലെ നം.**DHS/974/2025-MR3** നം. കത്ത്

ഉത്തരവ്

ആരോഗ്യ വകുപ്പിൽ, കോഴിക്കോട് സർക്കാർ നഴ്സിംഗ് സ്കൂളിൽ പ്രിൻസിപ്പൽ തസ്തികയിൽ വിരമിച്ച ശ്രീമതി.മറിയക്കുട്ടി ഇ.എ.-യുടെ ഭർത്താവിന് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ **23.11.2020** മുതൽ **26.11.2020** വരെ നടത്തിയ ചികിത്സയുടെ ഭാഗമായി ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം **(1)** പ്രകാരം സമർപ്പിച്ച അപേക്ഷ അനുമതിയ്ക്കായി പരാമർശം **(2), (3)** പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും ലഭ്യമാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ കോഴിക്കോട് സർക്കാർ നഴ്സിംഗ് സ്കൂളിൽ പ്രിൻസിപ്പൽ തസ്തികയിൽ വിരമിച്ച ശ്രീമതി.മറിയക്കുട്ടി ഇ.എ.-യുടെ ഭർത്താവിന് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ **23.11.2020** മുതൽ **26.11.2020** വരെ നടത്തിയ ചികിത്സയുടെ ഭാഗമായി ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ **1,78,819/-** രൂപയുടെ **80%** ആയ **1,43,055/-** രൂപ (ഒരു ലക്ഷത്തി നാൽപത്തി മൂവായിരത്തി അൻപത്തിയഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് സ്കൂൾ, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി.മറിയക്കുട്ടി ഇ.എ, പ്രിൻസിപ്പൽ (വിരമിച്ച), സർക്കാർ നഴ്സിംഗ് സ്കൂൾ, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ ലോൺസ് വകുപ്പ് (**03.01.2026** തീയതിയിലെ **3348171/Loans-L1/326/2025-FIN** നമ്പർ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.**(C2/27/2025-HEALTH)**

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 28-01-2026 17:10:22
സെക്ഷൻ ഓഫീസർ